# 4

# ദൈവത്തിന്റെ പ്രതിരോധത്തിൽ

## (ഇയ്യോബ് 32- 37)

നമ്മുടെ ഈ പഠനത്തിന്റെ ഉദ്ദേശത്തിന്, ഇയ്യോബിന്റെ പുസ്തകത്തിലെ മുഖ്യമായ പോയിന്റുകളിലൂന്നുന്ന സമീപനം എടുക്കാം. നമുക്ക് പുസ്തകത്തിലെ കേന്ദ്രഭാഗത്തുള്ള സന്ദേശം നോക്കി, നമ്മുടെ ഇപ്പോഴത്തെ ജീവിതത്തിൽ അതിന്റെ പ്രായോഗികത നോക്കാം. ആ ഉദ്ദേശത്തിനായി നാം ചിലതു വിട്ടു കടന്നുപോകുകയാണ്. അദ്ധ്യായം 20 ഉം 22 മുതൽ 31 വരെ നടക്കുന്ന ഇയ്യോബിന്റെ പ്രശ്നങ്ങളെ കുറിച്ചുള്ള വാദം തുടരുന്നതാണ് നാം വിട്ടു കടന്നുപോകുന്നത്. ഇയ്യോബ് പാപം ചെയ്തു എന്നാണ് അവന്റെ മൂന്ന് സ്നേഹിതരും ഊന്നിപറഞ്ഞത്. മൂന്നുപേരിൽ, ആദ്യത്തെ രുപേരും, ഓരോരുത്തരായി മൂന്നുപ്രാവശ്യവും, മുന്നാമത്തെ സ്നേഹിതൻ, രു പ്രാവശ്യവും പറഞ്ഞു. അവസാനം എല്ലാവരും മടുത്തു നിശബ്ദരാകുന്നതുവരെ ഇയ്യോബ് ഓരോരുത്തരോടും മറുപടി പറഞ്ഞു. കഷ്ടതയോടുചേർന്ന് ആരോപണങ്ങളുമായപ്പോൾ, ഇയ്യോബിന്റെ വേദന ഇരട്ടിയായി; എന്നാൽ തന്റെ നിരപരാധിത്വം അവൻ നിലനിർത്തി. ആ സമയത്ത്, ഒരു പുതിയ വ്യക്തി, ഏലീഹു രംഗപ്രവേശം ചെയ്തു. ഇയ്യോബും തന്റെ മൂന്നു സ്നേഹിതരും തമ്മിലുള്ള വാദപ്രതിവാദം അവസാനം വരെ ഏലീഹു ശ്രദ്ധിച്ചു കേട്ട്, അവസാനം സംസാരിക്കുവാൻ നിർബ്ബന്ധിതനായി.

### ഏലീഹൂ ആരായിരുന്നു?

ഏലീഹൂ ഒരു മനുഷ്യനോ അതോ ദൈവത്തിന്റെ സന്ദേശവാഹകനോ? സ്വർഗത്തിലെ ദൈവത്തിനടുത്തുനിന്ന്, അവന്റെ വാക്കുമായി വന്നിരിക്കുന്നു എന്ന് തോന്നിപ്പിക്കുന്ന രീതിയിലാണ് അവൻ സംസാരിച്ചു തുടങ്ങുന്നതെങ്കിലും, അവന്റെ പിതൃത്വത്തെ കുറിച്ച് അദ്ധ്യായം 32 ന്റെ ആദ്യ വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതുകൊ് അവൻ ഒരു മനുഷ്യനായിരുന്നു എന്നു കാണാം. അബ്രഹാമിന്റെ സഹോദരനായിരുന്ന നാഹോരിന്റെ മകനായിരുന്നു അവൻ (ഉൽപത്തി 22:20, 21). ഇയ്യോബിന്റെ മറ്റു സ്നേഹിതന്മാരെ പോലെ തന്നെ ഏലീഹുവും കുറെ സത്യം സംസാരിച്ചു. അവൻ ദൈവശ്വാസിയനായിരുന്നില്ല, എന്നാൽ നമുക്ക് അനുകരിക്കത്തക്ക ചില ഗുണങ്ങളുള്ള ഒരു യുവാവായിരുന്നു അവൻ.

*ഒന്നാമതായി, ഏലിഹൂ പ്രായത്തെ ബഹുമാനിച്ചിരുന്നു.* അവൻ പറഞ്ഞു,

> ഞാൻ പ്രായം കുറഞ്ഞവനും നിങ്ങൾ വൃദ്ധന്മാരും ആകുന്നു,
> അതുകൊ് ഞാൻ ശങ്കിച്ചു അഭിപ്രായം പറവാൻ തുനിഞ്ഞില്ല.
> പ്രായം സംസാരിക്കയും വയോധിക്യം ജ്ഞാനം ഉപദേശിക്കയും
> ചെയ്യട്ടെ എന്നിങ്ങനെ ഞാൻ വിചാരിച്ചു (32:6, 7).

ഇയ്യോബിനും അവന്റെ സ്നേഹിതന്മാർക്കും ഏലീഹുവിനേക്കാൾ പ്രായമുായിരുന്നു. അതുകൊായിരുന്നു അവൻ പെട്ടെന്ന് സംസാരിക്കാതിരുന്നത്. പ്രായവും പരിചയവും ജ്ഞാനം പഠിപ്പിക്കുമെന്നാണ് അവൻ ശീലിച്ചത്, എങ്കിലും പ്രായം മാത്രം ഒരാളെ ജ്ഞാനിയാക്കുന്നില്ല എന്ന് അവൻ മനസിലാക്കി.

*രാമതായി, അവൻ ദൈവവചനത്തെ ബഹുമാനിച്ചു.* അവൻ പറഞ്ഞു, "എന്നാൽ മനുഷ്യർക്ക് ആത്മാവുല്ലൊ, സർവ്വശക്തന്റെ ശ്വാസം അവർക്ക് വിവേകം നൽകുന്നു" (32:8). ഒരു യുവാവാണെങ്കിലും ദൈവവചനത്തെ ശ്രദ്ധിച്ചാൽ അവന് ജ്ഞാനവും വിവേകവും ലഭിക്കും. നിർദ്ദേശങ്ങൾ കേൾക്കേതിന്നും ഹൃദയങ്ങൾക്ക് മാറ്റമുാകുവാനും അഹങ്കാരം നീങ്ങുവാനും ദൈവം ആളുകളുടെ ചെവി തുറക്കേണം എന്ന് ഏലീഹു വിശ്വസിച്ചിരുന്നു (33:16–18), അത് അവരെ രക്ഷിക്കുമാറാക്കുന്നു.

*മൂന്നാമതായി, അവൻ തീർച്ചയും ധൈര്യവുമുള്ളവനായിരുന്നു.* അവൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നതിനേക്കാൾ ദൈവത്തിനുവേി സംസാരിക്കുന്നവനായിരുന്നു. അവന് ഒരു സന്ദേശമുായിരുന്നു, അത് പങ്കിടുവാൻ അവൻ വെമ്പൽ കൊള്ളുകയും ചെയ്തു:

ഞാൻ മൊഴികൾകൊ് തിങ്ങിയിരിക്കുന്നു;
എന്റെ ഉള്ളിലെ ആത്മാവ് എന്നെ നിർബ്ബന്ധിക്കുന്നു.
എന്റെ ഉള്ളം അടെച്ചുവെച്ച വീഞ്ഞുപോലെ ഇരിക്കുന്നു
അതു പുതിയ തുരുത്തികൾപോലെ പൊട്ടുമാറായിരിക്കുന്നു,
എന്റെ വിമ്മിഷ്ടം തീരേതിന്നു ഞാൻ സംസാരിക്കും.
എന്റെ അധരം തുറന്നു ഉത്തരം പറയും.
ഞാൻ ഒരുത്തന്റെയും പക്ഷം പിടിക്കയില്ല
ആരോടും മുഖസ്തുതി പറയുകയുമില്ല (32:18–21).

വികാരങ്ങൾ വൃണപ്പെടുന്നതു തടയുവാൻ അവൻ ശ്രമം ഒന്നും നടത്തിയില്ല. അവൻ സത്യസന്ധമായി കാര്യങ്ങൾ തുറന്നു പറയുവാൻ ആഗ്രഹിച്ചു അവൻ ഇയ്യോബിനോട് പറഞ്ഞു, "എന്റെ വചനങ്ങൾ എന്റെ ഉള്ളിലെ നേർ ഉച്ചരിക്കും; എന്റെ അധരങ്ങൾ അറിയുന്നത് അതു പരമാർത്ഥമായി സംസാരിക്കും" (33:3).

ഏലീഹുവിനെ തടസപ്പെടുത്തിയ മുഖ്യ ഗുണം അവന്റെ പ്രായമായിരുന്നു. തന്റെ സ്ഥാനം അവന് നന്നായി അറിയാമായിരുന്നു. "എന്റെ വാക്ക് കേൾക്കുക," അവൻ പറഞ്ഞു, "ഞാൻ നിനക്ക് ജ്ഞാനം ഉപദേശിച്ചു തരും" (33:33).

### ഏലീഹുവിന്റെ സന്ദേശം എന്തായിരുന്നു?

അതുവരെ പറഞ്ഞതെല്ലാം കേട്ടിട്ട്, ഏലീഹൂ പൊട്ടിത്തെറിക്കുമെന്നായി. അവൻ സംസാരിക്കുവാനായി വീർപ്പുമുട്ടിക്കൊിരുന്നു. അവൻ വീഞ്ഞു നുരച്ചുപൊങ്ങിയ തുരുത്തി പോലെയായി. അവന് സ്വയം നിയന്ത്രിക്കുവാൻ കഴിയാതെവന്നു.

ആ മൂന്ന് സ്നേഹിതന്മാരുടെ പ്രസ്താവനകളിൽ ഏലീഹൂവിന് സന്തോഷിക്കുവാൻ കഴിഞ്ഞില്ല (32:3). അവരുടെ വാദഗതികൾ ബോധ്യപ്പെടുത്താവുന്നതായിരുന്നില്ല, എന്നിട്ടും അവർ ഇയ്യോബിനെ കുറ്റപ്പെടുത്തുകയായി

രുന്നു. ഇയ്യോബിന്റെ കാര്യത്തിൽ അവരുടെ വാദത്തേക്കാൾ ന്യായമുായിരുന്നതുകൊ് അവർ ഇയ്യോബിനോട് നല്ല രീതിയിൽ ഉത്തരം പറയാമായിരുന്നു എന്ന് ഏലീഹൂവിനു തോന്നി. അവൻ അവരെ ശകാരിച്ചുകൊ് പറഞ്ഞു, അണ്ണാക്ക് ആഹാരം രുചി നോക്കുന്നതുപോലെ, അവരുടെ വാക്കുകൾ ചെവികൾ കേൾക്കുമ്പോൾ ശോധന കഴിക്കുന്നു. അവരുടെ വാക്കുകൾ അവൻ രുചിച്ചുനോക്കിയപ്പോൾ, അവരിൽ തന്നെ നന്മ വിവേചിക്കുന്നതല്ല എന്ന് കത്തെി (34:1–4).

അതിലുപരിയായി, ഏലീഹൂവിന് ഇയ്യോബിനോട് ദേഷ്യമുായി (32:2). അവൻ ദേഷ്യപ്പെടുവാൻ കാരണം, ദൈവത്തെ നീതീകരിക്കേതിന് പകരം ഇയ്യോബ് തന്നെത്താൻ നീതീകരിക്കുവാൻ ശ്രമിച്ചതുകൊാണ്. ആർ ആരുടെ മുമ്പിലാണ് പരീക്ഷിക്കപ്പെടുന്നതെന്ന് അവൻ ഇയ്യോബിനെ ബോധ്യപ്പെടുത്തിക്കൊടുപ്പാൻ ആഗ്രഹിച്ചു. ദൈവവും അവന്റെ അഭിപ്രായങ്ങളും മനുഷ്യരുടെ മുമ്പിലല്ല, മറിച്ച്, മനുഷ്യരും അവരുടെ അഭിപ്രായങ്ങളും വിചാരണ നടത്തുന്നതു ദൈവമുൻപാകെയാണ് (33:12–14). ഇയ്യോബ് അറിവ് കൂടാതെയാണ് സംസാരിച്ചതെന്നാണ് ഏലീഹു വിശ്വസിച്ചത് (34:35; 35:16). ഇയ്യോബ് ദൈവനീതിയെ ചോദ്യം ചെയ്തത് അവന് ഇഷ്ടമായില്ല. ഇയ്യോബ് പറഞ്ഞ വാക്കുകൾ അവൻ ആവർത്തിച്ചിട്ട് ദൈവത്തെ കുറ്റപ്പെടുത്തിയത് ശരിയായില്ല എന്നു പറഞ്ഞു:

ഞാൻ കേൾക്കെ നീ പറഞ്ഞതും,
നിന്റെ വാക്ക് ഞാൻ കേട്ടതും എന്തെന്നാൽ;
"ഞാൻ ലംഘനം ഇല്ലാതെ നിർമ്മലൻ;
ഞാൻ നിർദ്ദോഷി, എന്നിൽ അകൃത്യവുമില്ല,
അവൻ എന്റെ നേരെ വിരുദ്ധങ്ങളെ കുപിടിക്കുന്നു.
എന്നെ തനിക്ക് ശത്രുവായി വിചാരിക്കുന്നു,
അവൻ എന്റെ കാലുകളെ ആഴത്തിലിടുന്നു,
എന്റെ പാതകളെ ഒക്കെയും സൂക്ഷിച്ചു നോക്കുന്നു."
ഇതിന്നു ഞാൻ നിന്നോട് ഉത്തരം പറയാം;
ഇതിൽ നീ നീതിമാനല്ല, ദൈവം മനുഷ്യനേക്കാൾ വലിയവനല്ലോ (33:8–12).

ദൈവത്തെ പ്രതിരോധിച്ചുകൊ്, അവനെ പ്രതിനിധീകരിച്ചാണ് ഏലീഹൂ സംസാരിച്ചത്. *ആദ്യം, അവൻ ദൈവത്തിന്റെ വിധികളെ* പ്രതിരോധിച്ച് പറഞ്ഞു, "തീർച്ചയായും, ദൈവം ദുഷ്ടത പ്രവർത്തിക്കുകയില്ല, സർവ്വശക്തൻ നീതി മറിച്ചുകളയുകയോ ഇല്ല" (34:12). പിന്നീട് അവൻ പറഞ്ഞു,

അല്പം ക്ഷമിക്ക, ഞാൻ അറിയിച്ചുതരാം,
ദൈവത്തിനുവേി ഇനിയും ചില വാക്ക് പറവാനു്.
ഞാൻ ദൂരത്തുനിന്നു അറിവു കൊുവരും,
എന്റെ സൃഷ്ടാവിന്ന് നീതിയെ ആരോപിക്കും (36:2, 3).

താൻ നിർമ്മലനാണെന്നും തനിക്കെതിരായ ശിക്ഷ അന്യായമാണെന്നും ഇയ്യോബ് പറഞ്ഞു. തന്നെ ഒരു ശത്രുവായി ക ദൈവത്തെ അവൻ കുറ്റപ്പെ

ടുത്തി. ഏലീഹു പറഞ്ഞു, "ധഇയ്യോബേപ നീ ഇതിൽ നീതിമാനല്ല, ദൈവം മനുഷ്യരേക്കാൾ വലിയവനാണ്" (33:12). ദൈവത്തെ വെല്ലുവിളിച്ചതിന് അവൻ ഇയ്യോബിനെ ശാസിച്ചു (33:13). മനുഷ്യർ തങ്ങളുടെ നീതി ദൈവനീതിയേ ക്കാൾ ഉയർന്നതാണെന്ന് ചിന്തിക്കരുത്, കാരണം ദൈവം മനുഷ്യരേക്കാൾ ഏത്രയോ വലിയവനാണ് (35:2). ഇയ്യോബിന്റെ പ്രശ്നങ്ങൾക്ക് ഇയ്യോബ് തന്നെയാണ് കാരണം, അല്ലാതെ ദൈവമല്ല എന്ന തോന്നലായിരുന്നു ഏലീഹൂ വിനുായിരുന്നത്. ജ്ഞാനവും നീതിയും സൃഷ്ടാവിനുള്ളതാണെന്ന് അവൻ പറഞ്ഞു (36:2, 3).

ദൈവത്തേക്കാൾ നീതിമാനായി ഒരുത്തൻ പോലുമില്ല (34:17). ന്യായവും നീതിപൂർവ്വമായ വിധികളും ദൈവത്തിനുള്ളതാകയാൽ, മനുഷ്യൻ ദൈവത്തെ വിധിക്കാതെ അവനിൽ ആശ്രയിക്കുകയാണ് വേത് (35:14). ആളുകളുടെ പെ ാതുവായ പരാജയമാണിത്. ദൈവം പറഞ്ഞതോ ചെയ്തതോ ആയ എന്തെ ങ്കിലും മനസിലാക്കാത്തവർ ദൈവത്തിന് അതു മനസിലാകുകയില്ല എന്നു പറഞ്ഞുപോകും. ദൈവവുമായി യോജിക്കുന്ന വിധത്തിൽ ജീവിക്കാത്തവർ പലപ്പോഴും വിചാരിക്കുന്നത്, ദൈവവചനം ഈ കാലത്തിന് യോജിക്കുന്ന തല്ല എന്നാണ്. മനുഷ്യന്ന്, ഏറ്റവും നല്ലതു തിരിച്ചറിയുവാൻ പലപ്പോഴും കഴിയുന്നില്ല എന്നതാണ് സത്യം. മനുഷ്യന്ന് ഏറ്റവും നല്ലതെന്ന് തോന്നുന്നത് എപ്പോഴും നല്ലതായിരിക്കുകയില്ല. പരീക്ഷിച്ച്, തെറ്റു കത്തെിയശേഷമാണ് അതു നല്ലതല്ല എന്ന് മനസിലാക്കുന്നത്. ദൈവത്തിന് അങ്ങനെ പരീക്ഷണം നടത്തേ ആവശ്യമില്ല, അവന് മുന്നമേ അറിയാം.

നമ്മെയും നാം ജീവിക്കുന്ന ഈ ലോകത്തെയും ദൈവമാണ് സൃഷ്ടി ച്ചത്. നമുക്ക് ഏറ്റവും നല്ലതു എന്തെന്ന് അവന് നന്നായി അറിയാം. അവന്റെ പരിജ്ഞാനത്തിൽ നാം ആശ്രയിച്ച് അവന്റെ വിധികളെ ബഹുമാനിക്കണം. ദൈവത്തിന്റെ എല്ലാ പ്രവൃത്തികളും സ്വാഭാവികമായി നമുക്ക് അറിയില്ല. അവന് അറിയാവുന്നത് നമുക്ക് അറിയില്ല. അതുകൊ് ദൈവത്തെ തെറ്റുപറ വാൻ ആർക്ക് കഴിയും? (36:23).

*രാമത്, ചോദ്യം ചെയ്യപ്പെട്ടപ്പോൾ നിശബ്ദതകൊ് ഏലീഹു ദൈവത്തിന്റെ അവകാശത്തെ പ്രതിരോധിച്ചു.* ദൈവം മനുഷ്യരേക്കാൾ ഏറ്റവും ഉയർന്ന വനായതുകൊ്, അവൻ ചെയ്യുന്ന എല്ലാ കാര്യങ്ങൾക്കും കാരണം ബോധ്യ പ്പെടുത്തേ ആവശ്യമില്ല (33:12-14). നമ്മുടെ ജീവിതങ്ങളിലും, പ്രകൃതിയിലും എന്തുകൊാണിങ്ങനെ സംഭവിക്കുന്നതെന്ന് നൂറ്റാുകളായി, ആളുകൾ ചോദിച്ചു വരുന്നു്. നാം പ്രകൃതിയെ കുറിച്ച് കൂടുതൽ അറിയുമ്പോൾ "എന്തുകൊ്" എന്നതു കൂടുതൽ മനസിലാക്കും; എന്നാൽ, സൃഷ്ടാവായ ദൈവത്തിന് അറി യാവുന്ന എല്ലാം അറിവാൻ നമുക്ക് സാധ്യമല്ല. അവന് അറിയാവുന്നതെല്ലാം നമുക്ക് അറിയാമെങ്കിൽ പിന്നെ അവൻ ദൈവമായിരിക്കയില്ല! ദൈവത്തെപേ ാലെ തങ്ങൾക്കും കാര്യങ്ങൾ അറിയാം എന്നു കരുതുന്നവർക്ക് ദൈവം ദൈവ മായിരിക്കയില്ല; കാരണം അവർ ദൈവത്തെ അതിശയത്തോടും ആദരവോടും സമീപിക്കയില്ല. ആളുകൾ സ്വയ-പ്രാധാന്യത്തിലൂന്നി തങ്ങളുടെ ശൂന്യാവസ്ഥ മനസിലാക്കാതെ ദൈവത്തിൽ ആശ്രയിക്കാതെ ജീവിക്കും.

*മൂന്നാമത്, നമ്മുടെ അനസരണം പ്രതീക്ഷിക്കുവാനുള്ള ദൈവത്തിന്റെ അവകാശത്തെ ഏലീഹൂ പ്രതിരോധിച്ചു.* "ദൈവത്തെ എന്തിന് അനുസരി ക്കണം? അതിന് എന്തു പ്രയോജനമാണുള്ളത്?" എന്ന് ഇയ്യോബ് ചോദിക്കു ന്നതായി അവന് തോന്നി (35:2, 3). ചിലപ്പോൾ ആളുകൾ വിചാരിക്കുന്നത്,

ദൈവത്തെ സേവിക്കുന്നതിനു വലിയ ചിലവൊന്നുമില്ല എന്നാണ്. അവൻ നിരപരാധി ആയിരുന്നുവെങ്കിലും, പാപം ചെയ്തെങ്കിൽ പോലും നന്നാകുമായിരുന്നു എന്ന് ഇയ്യോബ് വിചാരിച്ചു. നാം ദൈവത്തെ അനുസരിക്കുന്നത് ദൈവമുൻപാകെ നമ്മെ പ്രത്യേകതയുള്ളവരാക്കുന്നില്ല എന്ന് ഏലീഹു ഇയ്യോബിനെ മനസിലാക്കുവാൻ ആഗ്രഹിച്ചു. തന്റെ ജനം നീതിയുള്ള ജീവിതം നയിക്കുമ്പോൾ ദൈവം സന്തോഷിക്കുന്നു, എന്നാൽ നീതിയാൽ അവന് എന്തെങ്കിലും നേട്ടം കിട്ടുകയോ, അല്ലെങ്കിൽ പാപത്താൽ അവന് എന്തെങ്കിലും തടസം നേരിടുകയോ ഇല്ല (35:6–8). അനുസരണത്താൽ അനുഗ്രഹം ലഭിക്കുമെങ്കിലും, എന്തെങ്കിലും കിട്ടുമെന്നുള്ള വെറും ചിന്തയാലാകരുത് ക്രിസ്ത്യാനികൾ ദൈവത്തെ സേവിക്കേണ്ടത്.

*നാലാമത്, ഏലീഹു ദൈവത്തിന്റെ മാഹാത്മ്യത്തെ പ്രകീർത്തിച്ചു.* മനുഷ്യർക്ക് മനസിലാക്കുവാൻ കഴിയുന്നതിലുപരിയാണ് ദൈവത്തിന്റെ മാഹാത്മ്യം (36:26). അവന്റെ മഹത്വം പ്രകൃതിയിൽ പ്രദർശിപ്പിച്ചിട്ട്. ഭൂമിയിൽ മഴ പെയ്യിക്കുവാൻ അവൻ മേഘത്തെ തുള്ളികളാക്കി മാറ്റുന്നു (36:27–32). ദൈവത്തിന്റെ മാഹാത്മ്യം കാരണമാണ് ഏലീഹു ഭയന്ന് വിറെക്കുവാൻ കാരണം (37:1 മുതൽ). ഇടിയും മിന്നലും ദൈവത്തിന്റെ ശബ്ദമാണെന്ന് ഏലീഹൂ പറഞ്ഞു.

പ്രകൃതിയിലെ ദൈവത്തിന്റെ പ്രവൃത്തികൾ നമ്മുടെ മനസിലാക്കലിനപ്പുറമാണ്. ശൈത്യകാലത്ത് അവൻ മഞ്ഞ് അയക്കുമ്പോൾ, വന്യമൃഗങ്ങൾ അവയുടെ ഗുഹകളിലേക്ക് നീങ്ങുന്നു. അവൻ തെക്കൻകാറ്റടിപ്പിക്കുമ്പോൾ, വീും വേനൽ വരുന്നു. അവന്റെ ശ്വാസത്താൽ മഞ്ഞ് പൊഴിക്കുന്നു. മേഘങ്ങളെ കൊടുങ്കാറ്റായി എവിടേക്ക് അയക്കേണമോ, അവിടേക്ക് അവൻ അയക്കുന്നു. ചിത്രം മുഴുവൻ ദൈവം കാണുന്നു. എല്ലാറ്റിനും അവന് ഒരു ഉദ്ദേശമു്. ചിലപ്പോൾ കൊടുങ്കാറ്റ് ഭൂമിക്ക് നല്ലതാണ്. പാമ്പ്, കൊതുക്, വ് എന്നിവക്ക് എന്തെങ്കിലും ഗുണമുള്ളതായി സാധാരണ മനുഷ്യനു തോന്നുകയില്ല, പക്ഷെ ദൈവത്തിന്റെ ചിത്രത്തിൽ അവക്കെല്ലാം ഓരോ പങ്കു്. നമ്മുടെ ചെറിയ ജീവിത ചക്രത്തെ കുറിച്ച് മാത്രമെ നാം ചിന്തിക്കുന്നുള്ളു. എപ്പോഴും നമുക്ക് വേി ദൈവം തന്റെ പ്രകൃതി നിയമത്തെ മാറ്റുവാൻ നാം ആഗ്രഹിക്കും. നാം ചെയ്യുവാനാഗ്രഹിക്കുന്നതാകയില്ല നമ്മുടെ സ്നേഹിതരും ബന്ധുക്കളും ചെയ്യുവാൻ ആഗ്രഹിക്കുന്നത്. ചിലർക്ക് സഹായകമാകുന്നത് മറ്റുള്ളവർക്ക് തടസമായിരിക്കും. ഒരു കുടുംബത്തിന്റെ ഉല്ലാസയാത്ര നശിപ്പിച്ച മഴ മറ്റു ചിലരുടെ കൃഷിക്ക് പ്രയോജനം ചെയ്യും.

കാലാവസ്ഥയെ ദൈവം എങ്ങനെയാണ് ഏർപ്പെടുത്തുന്നത് നമുക്ക് അറിയില്ല. ഏലീഹൂ ഈ വിവരണം നൽകുന്നു:

> ദൈവം തന്റെ നാദം അതിശയമായി മുഴക്കുന്നു,
> നമുക്ക് ഗ്രഹിച്ചുകൂടാത്ത മഹാ കാര്യങ്ങളെ ചെയ്യുന്നു.
> അവൻ ഹിമത്തോട്, “ഭൂമിയിൽ പെയ്യുക എന്ന് കല്പിക്കുന്നു.”
> താൻ സൃഷ്ടിച്ച മനുഷ്യരൊക്കെയും അറിവാൻതക്കവണ്ണം
> അവൻ സകല മനുഷ്യരുടേയും കൈ മുദ്രയിടുന്നു ... .
> ശിക്ഷക്കായിട്ടോ ദേശത്തിന്റെ നന്മക്കായിട്ടോ
> ദയെക്കായിട്ടോ അവൻ ഇതു വരുത്തുന്നു
> (37:5–13).

പ്രകൃതിയുടെ സമതുലനാവസ്ഥയിൽ നിർത്തിയിരിക്കുന്നതിലും, ആകാശത്തെ ഒരു ദർപ്പണം പോലെ വിരിച്ചിരിക്കുന്നതിനാലും, ഏലിഹൂവിന് അത്ഭുതമുായി (37:15–18).

മനുഷ്യന് തന്റെ നഗ്നനേത്രങ്ങൾകൊു സൂര്യനിലേക്ക് നോക്കുവാനല്ലാതെ, ദൈവത്തിന്റെ സമ്പൂർണ്ണത കാണുവാൻ അവന് സാധ്യമല്ല. അവൻ "ഭയങ്കരശക്തിയോടെ" വരുന്നു (37:22). ഏലീഹൂ പറഞ്ഞു, "സർവ്വശക്തനെയോ – നാം കത്തുകയില്ല; അവൻ ശക്തിയിൽ അത്യുന്നതനാകുന്നു; അവൻ ന്യായത്തിന്നും പൂർണ്ണനീതിക്കും ഭംഗം വരുത്തുകയില്ല" (37:23).

## ഉപസംഹാരം

ദൈവം എല്ലാം നിയന്ത്രിക്കുന്നു. പിന്നെ, അവൻ എന്തുകൊ് ജീവിതത്തിൽ അനുഭവപ്പെടുന്ന പരീക്ഷണങ്ങൾ തടയുന്നില്ല? നാശവും വേദനയും എന്തുകൊ് അവൻ അനുവദിക്കുന്നു? സ്നേഹവാനായ പിതാവിന്റെ സ്വഭാവത്തിന് യോജിക്കുന്നതാണോ ഭയാനകമായ സാഹചര്യങ്ങൾ? എന്തിന് വേിയാണ് ജീവിതത്തിൽ പ്രയാസങ്ങൾ വരുന്നത്?

ശരിയായ ഉപദേശം പഠിപ്പിക്കുന്നതിന് ചിലപ്പോൾ പരീക്ഷണങ്ങൾ വരും. ദൈവത്തെ പോലെ ആരും പഠിപ്പിക്കയില്ല (36:22). വേദനയോടെ പഠിച്ച പാഠങ്ങൾ വളരെ കാലം ഓർമ്മിക്കും. പ്രയാസം നേരിടുമ്പോൾ, മുഖ്യമായ കാര്യങ്ങളിലേക്ക് ശ്രദ്ധ തിരിക്കും. ആളുകളിൽ വേദനയും കഷ്ടതയും നല്ലതു വരുത്തും, എന്നാൽ സുഖവും സമൃദ്ധിയും ആളുകളിൽ ഏറ്റവും മോശമായതും വരുത്തും. നമുക്ക് വേദനയും ദുഃഖവും അനുഭവപ്പെടുവാൻ ദൈവം അനുവദിക്കും, എന്നാൽ അവൻ നമ്മെ കഷ്ടതയിൽനിന്നു വിടുവിക്കയും ചെയ്യും. അവൻ നമ്മെ യഥാസ്ഥാനപ്പെടുത്തുകയും പുതുക്കുകയും ചെയ്യും (33:23–26). നാം ശിക്ഷിക്കപ്പെടുമ്പോൾ, ദൈവത്തോട് ഇങ്ങനെ പറയുന്നത് ഉചിതമായിരിക്കും, "ഞാൻ ശിക്ഷ സഹിച്ചു, ഞാൻ ഇനി കുറ്റം ചെയ്യുകയില്ല. ഞാൻ കാണാത്തതു എന്നെ പഠിപ്പിക്കേണമേ, ഞാൻ അന്യായം ചെയ്തിട്ടുങ്കിൽ, ഇനി ചെയ്കയില്ല" (34:31, 32; എൻഐവി).

ദൈവത്തിന്റെ കരുണ കൂടെ കാണിക്കുന്നതാണ് പ്രയാസങ്ങൾ. ദൈവത്തിന്റെ കരുണയും കൃപയും സങ്കീർണ്ണമായ വിഷയങ്ങളാണ്. ദൈവം മനുഷ്യരോട് കരുണകാണിക്കുന്ന സമയത്ത് മനുഷ്യർക്ക് അതു കരുണയായി തോന്നുകയില്ല. ക്രൂശിൽ ദൈവം പ്രദർശിപ്പിച്ചത് നഷ്ടപ്പെട്ട ലോകത്തോടുള്ള കരുണയായിരുന്നു, പക്ഷെ ആ സമയത്ത് അതു സഹിക്കുവാൻ യേശുവിന് പ്രയാസമായിരുന്നു. നിനെവെയിലെ ദുഷ്ടരായ ആളുകളുടെ അടുക്കലേക്ക് ദൈവം തന്നെ അയക്കുന്നത് പ്രയാസമുള്ളതായി അവന് തോന്നി. യോനക്ക് സംഭവിച്ചത് കരുണയായി വ്യാഖ്യാനിക്കപ്പെട്ടിട്ടില്ല, എന്നാൽ അവന്റെ ദൗത്യം ആ ദേശത്തോടു മുഴുവൻ കരുണ കാണിക്കുന്നതായി മാറി.

നമ്മുടെ ജീവിതത്തിലെ ഒരു പ്രയാസം അവസാന സംഭവം വിവരിക്കുന്നില്ല. ഒരൊറ്റ ഭാഗവും നമ്മെ പരാജയപ്പെടുത്തുന്നില്ല. ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളും മൊത്തത്തിലാണ് അതിന്റെ ഫലം പുറപ്പെടുവിക്കുന്നത്. സംഭവം എന്തായാലും, അതിന്റെ ഗുണം ലഭിക്കേതിന് പ്രയാസത്തിനപ്പുറമായി നാം നോക്കണം. അതിൽ എന്തെങ്കിലും ഗുണമോ കാരണമോ നാം കാണാതിരിക്കുന്നത്, നമ്മുടെ കാഴ്ച്ചപ്പാട് പരിമിതവും, ഭൗമികവുമായതുകൊാണ്. അവസാനഫലമാണ് ഒരു അനുഭവത്തിന്റെ മുല്യം നിർണ്ണയിക്കുന്നത്.

അറിവില്ലാതെയാണ് ഇയ്യോബ് സംസാരിച്ചതെന്ന് ഏലീഹൂ അവനെ കുറ്റപ്പെടുത്തിയത് ശരിയായിരുന്നു. താൻ എന്താണ് സംസാരിക്കുന്നതെന്ന് ഇയ്യോബിന് അറിയില്ലായിരുന്നു. സർവ്വശക്തനായ ദൈവത്തിന്റെ പ്രവൃത്തി കളെ മനസിലാക്കുവാൻ അവൻ ശ്രമിച്ചു. നാം ക്ഷമയോടെ, കാത്തിരിക്കണം, ദൈവത്തെ വിധിക്കാതിരിക്കയും വേണം.